## ഹസൻ സാഹിബ്



**ആലപ്പുഴ** ജില്ലയിലെ തുറവൂരിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ തുടക്കക്കാരനായിരുന്നു ഈയിടെ അന്തരിച്ച ഹസൻ സാഹിബ്. അദ്ദേഹം ജനിച്ചതും പ്രസ്ഥാന മാർഗത്തിലെ ആദ്യകാലങ്ങൾ ചെലവഴിച്ചതും കൊച്ചിയിലാണ്. വിവാഹാനന്തരം തുറവൂരിലെത്തി, പിന്നീട് നാട്ടുകാരുടെ ഹസൻസാറായി. ശക്തമായ എതിർപ്പുകളെ അവഗണിച്ച് പ്രസ്ഥാനമാർഗത്തിൽ നിലകൊണ്ടു. അക്കാലത്ത് പ്രസ്ഥാന പ്രവർത്തനങ്ങളുടെ കേന്ദ്രം അദ്ദേഹത്തിന്റെ വീടു തന്നെയായിരുന്നു. 1981 ൽ അദ്ദേഹത്തിന്റെ വീട്ടിൽവെച്ച് നടന്ന 150 ലധികം ആളുകൾ പങ്കെടുത്ത ഫർക്കാ സമ്മേളനം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. അദ്ദേഹം വഖ്ഫ് നൽകിയ സ്ഥലത്താണ് ഇന്ന് ഇസ്‌ലാമിക് സെന്റർ പ്രവർത്തിക്കുന്നത്. കെ.ടി. അബ്ദുർറഹീം സാഹിബ്, പള്ളുരുത്തി ഹാജി, മർഹൂം നീർക്കുന്നം അസീസ് സാഹിബ് തുടങ്ങി പല അദ്യകാല നേതാക്കളോടൊപ്പവും പ്രവർത്തിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വടക്കൻ മേഖലകളിൽ പ്രസ്ഥാനത്തിന് തുടക്കമിടുന്നതിൽ വലിയ പങ്കാണ് അദ്ദേഹം വഹിച്ചത്. കൃഷി വകുപ്പിലെ ജോലി സംബന്ധിയായി താമസിച്ചിരുന്ന കാഞ്ഞങ്ങാട്, കണ്ണൂർ, പാലക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ പ്രസ്ഥാന പ്രവർത്തനത്തിൽ തന്റേതായ അടയാളങ്ങൾ രേഖപ്പെടുത്തി. പാലക്കാട് പുതുനഗരത്ത് അദ്ദേഹം മുൻകൈയെടുത്ത് സ്ഥാപിച്ച മദ്റസ ഉദാഹരണം.

കുറേ വർഷമായി തുറവൂർ ഉൾപ്പെട്ട അരൂർ ഏരിയയിൽ *മാധ്യമം* എന്നാൽ ഹസൻ സാഹിബായിരുന്നു. *മാധ്യമം* ഹെൽത്ത് കെയർ പദ്ധതിയിൽ ധാരാളം പേരെ ഉൾപ്പെടുത്താനും പലിശരഹിത സ്ഥാപനമായ 'അത്താണി'യുടെ ഗുണഫലങ്ങൾ ജാതി- മത ഭേദമന്യേ എല്ലാവരിലേക്കും എത്തിക്കാനും അദ്ദേഹത്തിന്റെ ശ്രമത്തിലൂടെ സാധിച്ചിട്ടുണ്ട്.

ഖുർആനുമായി സജീവ ബന്ധം കാത്തുസൂക്ഷിച്ചിരുന്ന അദ്ദേഹം തന്നെയായിരുന്നു ഖുർആൻ സ്റ്റഡി സെന്ററിലെ ഏറ്റവും ചുറുചുറുക്കുള്ള വിദ്യാർഥിയും. മക്കളും പേരക്കുട്ടികളുമൊന്നിച്ച് ഖുർആൻ വിജ്ഞാന പരീക്ഷയിൽ പങ്കെടുത്ത് ഉയർന്ന മാർക്ക് നേടിയ വാർത്ത പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

ജമാഅത്തെ ഇസ്‌ലാമി അരൂർ ഏരിയാ ഓർഗനൈസർ, സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചു. പലിശരഹിത വായ്പാ നിധിയുടെ പ്രസിഡന്റായിരുന്നു. നിലവിൽ ഹൽഖാ നാസിം, *മാധ്യമം* അരൂർ ഏരിയാ കോ-ഓർഡിനേറ്റർ എന്നീ ഉത്തരവാദിത്തങ്ങൾ വഹിക്കുന്നുണ്ടായിരുന്നു.

മക്കൾ: സെയ്ത്തൂൻ, യാസ്മിൻ (ജ.ഇ. വനിതാവിഭാഗം ആലപ്പുഴ ജില്ലാ പ്രസിഡന്റ്), റൈഹാനത്ത്, ജുവൈരിയ, നുസ്റത്ത് (ജ.ഇ. വനിതാ വിഭാഗം സംസ്ഥാന സമിതിയംഗം), സാജിദ. മരുമക്കൾ: നവാസ് വലിയകത്ത്, വി.എം ഇബ്റാഹിംകുട്ടി വടുതല (ശൂറാ അംഗം, കെ.ഐ.ജി ഒമാൻ), വി.എസ് അബ്ദുസ്സമദ് പൂച്ചാക്കൽ, മുഹമ്മദ് റഫീഖ്, ഷാജഹാൻ, അസ്‌ലം.

**മൊയ്നുദ്ദീൻ അഫ്സൽ, ആലപ്പുഴ**



## കെ.കെ കുട്ടിസാഹിബ് തായിക്കാട്ടുകര

**ആലുവ** മേഖലയിലെ ആദ്യകാല ജമാഅത്ത് പ്രവർത്തകരിൽ പ്രമുഖനായിരുന്നു തായിക്കാട്ടുകര കല്ലുങ്കൽ അബ്ദുർറഹ്മാൻകുട്ടിയെന്ന കെ.കെ കുട്ടിസാഹിബ്. തായിക്കാട്ടുകര ഇസ്‌ലാമിക് എഡ്യുക്കേഷൻ ട്രസ്റ്റ് സെക്രട്ടറി, മോഡൽ ഓർഫനേജ് ചെയർമാൻ, മദ്റസ മാനേജർ, തായിക്കാട്ടുകര കാർകുൻ ഹൽഖാ നാസിം, തായിക്കാട്ടുകര മുസ്‌ലിം ജമാഅത്ത് കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1960കളിൽ അദ്ദേഹം മുൻകൈയെടുത്ത് സ്ഥാപിച്ച ഇസ്‌ലാമിക് നഴ്സറി സ്കൂൾ പിന്നീട് പ്രസ്ഥാനത്തിന്റെ വളർച്ചക്കും

വ്യാപനത്തിനും സഹായകമായി. സ്ഥാപനം നിലകൊള്ളുന്ന പ്രദേശത്തിന് ദാറുസ്സലാം എന്ന പേര് നൽകിയത് കുട്ടിസാഹിബായിരുന്നു.

മോഡൽ ഓർഫനേജ്, അറഫാ മസ്ജിദ് തുടങ്ങിയവയുടെ നടത്തിപ്പിന് തുടക്കം മുതലേ മുൻപന്തിയിൽ ഉണ്ടായിരുന്നു. മഹല്ലിന് കീഴിലുള്ള മസ്ജിദുൽ മിനായുടെ നിർമാണത്തിന് നേതൃത്വം നൽകിയതും അദ്ദേഹമായിരുന്നു. ഓർഫനേജിലെ അനാഥമക്കളുടെ ബാപ്പയായിരുന്ന കുട്ടിസാഹിബിന്റെ മരണം അവർക്കെന്നപോലെ അദ്ദേഹത്തിന്റെ സാന്നിധ്യം സദാ അനുഭവിച്ചിരുന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനും ആഘാതമായി.

**ടി.ബി അഷ്റഫ് തായിക്കാട്ടുകര**

*അല്ലാഹു പരേതർക്ക് മർഹമത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ – ആമീൻ.*